ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 21.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). കൂട്ടായ പരിശ്രമമാണ് ഇന്ത്യയുടെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

India's strength lies in collective effort: says Prime Minister Narendra Modi.

2). പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ എട്ടാംദിനം നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കർഷക ക്ഷേമത്തിന് കേന്ദ്രസർക്കാർ ഉയർന്ന പ്രാധാന്യം നൽകുന്നതായി കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ .

The eighth day of the Parliament Budget session in progress. Union Minister Shivraj Singh Chouhan says the central government is giving high priority to farmers' welfare.

3). രാജ്യത്ത് ആയുഷ് മന്ത്രാലയം നിലവിൽ വന്നതിന് ശേഷം ആയുർവേദ മെഡിക്കൽ കോളേജുകളുടെ എണ്ണത്തിൽ വലിയ വർധന ഉണ്ടായതായി കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാധവ്.

After the establishment of the Ministry of AYUSH in the country, there has been a significant increase in the number of Ayurveda medical colleges, says Union Minister of State Pratap Rao Jadhav.

4). കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. ആശാപ്രവർത്തകരോട് സർക്കാർ നിഷേധാത്മക സമീപനം പുലർത്തുന്നതായി പ്രതിപക്ഷം, സമരത്തോട് അനുഭാവ പൂർണമായ സമീപനമെന്ന് മന്ത്രി എം ബി രാജേഷ്.

Opposition walks out of the Kerala Legislative Assembly. Opposition claims the government is adopting a negative approach towards ASHA workers, while Minister M.B. Rajesh calls it a completely empathetic approach towards the protest.

5). 11-ാമത് ഏഷ്യൻ നീന്തൽ ചാമ്പ്യൻഷിപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. ഐ.പി.എൽ 18-ാം സീസണിന് നാളെ തുടക്കം.

India will host the 11th Asian Swimming Championship. The 18th season of the IPL to begin tomorrow.

===================================================

## PM-BAVALIYALI DHAM - (INTRO)

കൂട്ടായ പരിശ്രമമാണ് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള ആദ്യപടിയായി ഗ്രാമങ്ങളെയാണ് വികസിപ്പിക്കേണ്ടതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഗുജറാത്തിലെ ഭർവാദ് സമാജുമായി ബന്ധപ്പെട്ട ബവലിയാലിധാമിൻറെ പരിപാടിയെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(VOICE.........)

ആധുനിക സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തെ അടിവരയിട്ട അദ്ദേഹം, അക്കാദമിക് രംഗത്ത് മികവ് പുലർത്താൻ പെൺകുട്ടികളോട് ആഹ്വാനം ചെയ്തു.

===================================================

## PARLIAMENT

പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ എട്ടാംദിനമായ ഇന്ന് സഭാനടപടികൾ പുരോഗമിക്കുന്നു. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ സുപ്രധാന റിപ്പോർട്ടുകൾ ഇന്ന് സഭയുടെ മേശപ്പുറത്ത് വയ്ക്കും. വിവധ മന്ത്രാലയങ്ങളുടെ ധനാഭ്യാർഥന യുമായി ബന്ധപ്പെട്ട വോട്ടെടുപ്പ് നടക്കുന്നതിനാൽ എല്ലാ അംഗങ്ങളും സഭയിൽ ഹാജരാകണമെന്ന് ബിജെപി എംപിമാർക്ക് വിപ്പ് നൽകിയിട്ടുണ്ട്.

===================================================

**SHIVRAJ – AGRICULTURE**

കർഷക ക്ഷേമത്തിന് കേന്ദ്രസർക്കാർ ഏറെ പ്രാധാന്യം നൽകുന്നതായും കർഷക പ്രശ്നങ്ങൾ പാർലമെൻറിൽ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്നും കേന്ദ്ര മന്ത്രി ശിവരാജ് സിങ് ചൗഹാൻ. പാർലമെൻറിന് പുറത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള ചർച്ചകളിൽ സഹകരിക്കണമെന്നും കർഷകരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ ഇത് ആവശ്യമാണെന്നും ശ്രീ ചൗഹാൻ പ്രതിപക്ഷത്തോട് ആവശ്യപ്പെട്ടു.

==========================================================

**AYUSH LOKSABHA – (INTRO)**

രാജ്യത്ത് ആയുഷ് മന്ത്രാലയം നിലവിൽ വന്നതിന് ശേഷം ആയുർവേദ മെഡിക്കൽ കോളേജുകളുടെ എണ്ണത്തിൽ വലിയ വർധനയാണ് ഉണ്ടായതെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ് റാവു ജാധവ്. ഇതുമായി ബന്ധപ്പെട്ട് ചോദ്യോത്തര വേളയിൽ ലോക്സഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം.

**(HOLD FOR BYTE ................)**

യു.ജി, പി.ജി സീറ്റുകളുടെ എണ്ണത്തിലും കാര്യമായ ഉയർച്ച ഉണ്ടായതായി കേന്ദ്ര സഹമന്ത്രി പറഞ്ഞു.

==========================================================

**ANNPURNA DEVI– JUDGE RAPE COMMENTS**

ബലാത്സംഗ ശ്രമവുമായി ബന്ധപ്പെട്ട അലഹബാദ് ഹൈക്കോടതി ജഡ്ജിയുടെ പരാമർശം അനുചിതമെന്ന് കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണ ദേവി. ഇത്തരം നിരീക്ഷണങ്ങൾ സമൂഹത്തിൽ തെറ്റായ

സന്ദേശം നൽകുമെന്നും പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കവെ കേന്ദ്ര മന്ത്രി അഭിപ്രായപ്പെട്ടു.

=======================================================

## NATIONAL PENSION SCHEME

ഏകീകൃത പെൻഷൻ പദ്ധതി, യു.പി.എസ് നടപ്പാക്കാനുള്ള ചട്ടങ്ങൾ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻറ് അതോറിറ്റി വിജ്ഞാപനം ചെയ്തു. ദേശീയ പെൻഷൻ പദ്ധതി, എൻപിഎസിന് കീഴിൽ വരുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്കായി ഈ വർഷം ജനുവരിയിലാണ് യുപിഎസ് വിജ്ഞാപനം ചെയ്തത്. അടുത്ത മാസം ഒന്നു മുതൽ പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വരും.

=======================================================

## TN-MEETING

ലോക്സഭാ മണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻറെ നേതൃത്വത്തിൽ നടക്കുന്ന യോഗത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. കേരളം, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള വിവിധ രാഷ്ട്രീയ പ്രതിനിധികളും നേതാക്കളുമാണ് യോഗത്തിനെത്തുക. ഫെഡറലിസം, അതിർത്തി നിർണ്ണയ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും.

=======================================================

## INDIA-2030 CWG BID

2030-ൽ നടക്കാനിരിക്കുന്ന കോമൺവെൽത്ത് ഗെയിംസിന് ആതിഥ്യമരുളാൻ താൽപര്യം അറിയിച്ച് ഇന്ത്യ. ഗെയിംസിന് അഹമ്മദാബാദിൽ ആതിഥേയത്വം വഹിക്കാനുള്ള ബിഡ് ഇന്ത്യ സമർപ്പിച്ചിട്ടുണ്ട്. 2036-ലെ ഒളിമ്പിക് ഗെയിംസിന് ഉൾപ്പെടെ ആതിഥേയത്വം വഹിക്കാനുള്ള ഇന്ത്യൻ സ്വപ്നങ്ങളുടെ ആദ്യ ചുവടുവയ്പ്പായാണ് ഇതിനെ കണക്കാക്കുന്നത്.

=======================================================

**ബ്രേക്ക്.......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

========================================================

## KERALA ASSEMBLY WALKOUT – (INTRO)

കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. ആശാ പ്രവർത്തകരുടെ സമരത്തിൽ സർക്കാർ നിഷേധാത്മക സമീപനം പുലർത്തുന്നുവെന്നാരോപിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. സബ് മിഷനിലൂടെയാണ് ആശാ പ്രവർത്തകരുടെ വിഷയം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സഭയിൽ ഉന്നയിച്ചത്. തുടർ ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിന് സർക്കാർ ശ്രമിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സമരത്തോട് സർക്കാരിന് അനുഭാവ പൂർണമായ സമീപനമാണ് ഉള്ളതെന്ന് മന്ത്രി എം ബി രാജേഷ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. സർക്കാർ ക്രമാനുഗതമായി ഇൻസെൻറീവ് വർധിപ്പിച്ചിട്ടുണ്ട്. സമരക്കാരുടെ ന്യായമായ ആവശ്യങ്ങളെല്ലാം അംഗീകരിച്ചു കഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി.

**(VOICE....................)**

എന്നാൽ മന്ത്രിയുടെ മറുപടിയിൽ തൃപ്തരാകാത്ത പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു.

========================================================

## KB GANESH– O.R KELU

കേരളത്തിലെ എല്ലാ സ്കൂൾ ബസുകളിലും ക്യാമറ നിർബന്ധമാക്കിയതായി ഗതാഗത മന്ത്രി കെ ബി ഗണേഷ്കുമാർ. നിരീക്ഷണ ക്യാമറ സ്ഥാപിച്ച സ്കൂൾ ബസുകൾക്ക് മാത്രമേ ഇനിമുതൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൂ എന്നും മന്ത്രി കേരള നിയമസഭയിൽ പറഞ്ഞു. റെഗുലർ, ഫുൾ ടൈം ഗവേഷണം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്,

ഫെലോഷിപ് നൽകുന്ന പുതിയ പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുമെന്ന് മന്ത്രി ഒ ആർ കേളു നിയമസഭയിൽ അറിയിച്ചു.

==========================================================

**ASHA WORKERS**

തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റിന് മുന്നിൽ ആശാപ്രവർത്തകർ നടത്തുന്ന രാപകൽ സമരം നാല്പതാം ദിവസത്തിലേക്ക് കടന്നു. സമരത്തിൻറെ അടുത്ത ഘട്ടം എന്ന നിലയ്ക്ക് ആരംഭിച്ച നിരാഹാര സമരം രണ്ടാം ദിവസവും തുടരുന്നു. വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ പിന്തുണ അറിയിച്ച് സമരപന്തലിൽ എത്തുന്നുണ്ട്. മുൻകേന്ദ്രമന്ത്രി വി മുരളീധരൻ ഇന്ന് ഉച്ചയ്ക്ക് സമരപന്തൽ സന്ദർശിക്കും. ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാമെന്നും സമരം അവസാനിപ്പിക്കണമെന്നും മന്ത്രി വീണാജോർജ് ആവശ്യപ്പെട്ടു.

==========================================================

**ASIAN SWIMMING CHAMPIONSHIP**

11-ാമത് ഏഷ്യൻ നീന്തൽ ചാമ്പ്യൻഷിപ്പ് അഹമ്മദാബാദിലെ നരൻപുര സ്പോർട്സ് കോംപ്ലക്സിൽ നടക്കും. ഒക്ടോബർ 1 മുതൽ 15 വരെയാണ് ചാമ്പ്യൻഷിപ്. ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നതിന് ഗുജറാത്ത് സർക്കാരിൽ നിന്നും ഏഷ്യ അക്വാട്ടിക്സിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചതായി സ്വിമ്മിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ അറിയിച്ചു. നീന്തൽ, ഡൈവിംഗ്, വാട്ടർ പോളോ എന്നിവ ചാമ്പ്യൻഷിപ്പിൽ ഉൾപ്പെടും.

==========================================================

**IPL**

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൻറെ 18-ാം സീസണിന് നാളെ തുടക്കം. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ്

ബെംഗളൂരുവും തമ്മിലാണ് ഉദ്ഘാടന മത്സരം. രാത്രി 7.30 നാണ് മത്സരം.

==================================================

## SQUASH TOUR

ചെന്നൈയിൽ നടക്കുന്ന SFRI ഇന്ത്യൻ സ്ക്വാഷ് ടൂർണമെൻറ് വനിതാ ഫൈനലിൽ ഇന്ത്യയുടെ അകാൻക്ഷ സലുങ്കെയും അനാഹത് സിംഗും ഏറ്റുമുട്ടും. ഉച്ചയ്ക്ക് 2:30-നാണ് മത്സരം.

==================================================

## CLIMATE

കടുത്ത ചൂടും അൾട്രാ വയലറ്റ് രശ്മികളുടെ സാന്നിധ്യവും വർധിച്ചതോടെ കേരള ദുരന്ത നിവാരണ അതോറിറ്റി വിവിധ ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ് നൽകി. കൊല്ലം ജില്ലയിലെ അൾട്രാ വയലറ്റ് ഇൻഡക്സ് ഇന്നലെ 11 ആയി ഉയർന്നതിനെ തുടർന്ന് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ഈ മാസം 24 വരെ കേരളത്തിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ മിന്നലോടുകൂടിയ മഴ ലഭിക്കാൻ സാധ്യതയുണ്ട്.

==================================================

## EARTH HOUR

വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ഇന്ത്യയുടെ നേതൃത്വത്തിൽ ഭൗമ മണിക്കൂർ നാളെ ആചരിക്കും. രാത്രി 8.30 മുതൽ 9.30 വരെ വീടുകളിലും സ്ഥാപനങ്ങളിലും അത്യാവശ്യമല്ലാത്ത വൈദ്യുത വിളക്കുകൾ അണച്ചാണ് ദിനാചരണത്തിൻറെ ഭാഗമാകേണ്ടത്. എല്ലാ വർഷവും മാർച്ച് അവസാനത്തെ ശനിയാഴ്ചയാണ് ഭൗമ മണിക്കൂർ ആചരിക്കുന്നത്.

==================================================

## TRUMP – TARIFFS ON INDIA

ഇന്ത്യ തീരുവകൾ കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഒരു വാർത്താ ചാനലിന് നൽകിയ മറുപടിയിലാണ് ട്രംപിൻറെ പരാമർശം.

ഇന്ത്യ നല്ല സുഹൃത്താണെന്നും എന്നാൽ ഏപ്രിൽ രണ്ട് മുതൽ അമേരിക്കയ്ക്കു മേൽ ചുമത്തുന്ന അതേ തീരുവ ഏർപ്പെടുത്തുമെന്നും ട്രംപ് പറഞ്ഞു. ഇന്ത്യ-മധ്യേഷ്യ -യൂറോപ്പ് സാമ്പത്തിക ഇടനാഴി അമേരിക്കയ്ക്കെതിരായ അധാർമിക വ്യാപാര രീതികൾക്കുള്ള തിരിച്ചടിയാകുമെന്നും ട്രംപ് അഭിപ്രായപ്പെട്ടു.

==========================================================

## HEATHROW AIRPORT

പവർ സബ് സ്റ്റേഷനിലെ തീപിടിത്തത്തെ തുടർന്ന് ലണ്ടനിലെ ഹീത്രു വിമാനത്താവളം 24 മണിക്കൂർ അടച്ചിട്ടു. വൈദ്യുത വിതരണ ശൃംഖലയിലെ തകരാറ് 16,000-ത്തോളം വീടുകളെയും ബാധിച്ചിട്ടുണ്ട്.യാത്രകൾ ഒഴിവാക്കണമെന്നും വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ തേടണമെന്നും വിമാനത്താവള അധികൃതർ സമൂഹമാധ്യമ പോസ്റ്റിലൂടെ അറിയിച്ചു. അതേസമയം,വിമാനത്താവളത്തിലെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചതിനെ ത്തുടർന്ന് സർവീസുകൾ തടസ്സപ്പെടുമെന്ന് എയർ ഇന്ത്യ അറിയിച്ചു.

==========================================================

## ISRAEL– YEMENS HOUTHI

ഇസ്രായേലിലെ തെക്കൻ ടെൽ അവീവിൽ ഇന്ന് പുലർച്ചെയുണ്ടായ ബാലിസ്റ്റിക് മിസൈൽ ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുത്ത് യെമനിലെ ഹൂതി വിഭാഗം. പലസ്തീൻ ജനതയെ പിന്തുണയ്ക്കുന്നതിനും ഗാസ മുനമ്പിൽ ഇസ്രായേൽ നടത്തുന്ന ആക്രമണങ്ങൾക്കുള്ള മറുപടിയാണിതെന്നും ഹൂതി സൈനിക വക്താവ് പറഞ്ഞു. 24 മണിക്കൂറിനിടെ രണ്ട് മിസൈലുകളാണ് ഹൂതി വിമതർ ഇസ്രയേലിന് നേരെ തൊടുത്തത്. എന്നാൽ, ടെൽ അവീവിലെ ബെൻ ഗുരിയോൺ വിമാനത്താവളം ലക്ഷ്യമിട്ട് നടത്തിയ ആദ്യ മിസൈൽ ആക്രമണം ഇസ്രയേൽ സൈന്യം തടഞ്ഞു.

========================================

==========================================================